(എ) (i) പ്രകാരവും, സൗരോർജ്ജ നയപ്രകാരവും 3000 ച.അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള പുതിയ കെട്ടിടങ്ങൾക്ക് 1 KW സോളാർ പി. വി. പവർ പ്ലാന്റ് സ്ഥാപിക്കേണ്ടതാണ്. ഖണ്ഡം 3 (എ) (ii) പ്രകാരം 2000 ച. അടി മുതൽ 3000 ച. അടി വരെയുള്ള പുതിയ കെട്ടിടങ്ങൾക്ക് സൗരോർജ്ജ പോളിസിയിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ 500 W സോളാർ പി. വി. സിസ്റ്റം നിർബന്ധമാക്കിയിട്ടുണ്ട്. ഖണ്ഡം 3 (എ) (iii) പ്രകാരം 2000 ച. അടി വിസ്തീർണ്ണത്തിന് മുകളിലുള്ള കെട്ടിടങ്ങളിലെ ചൂടുവെള്ളത്തിന്റെ ആവശ്യകത ഏറ്റവും കുറഞ്ഞത് 100 ലിറ്റർ വലിപ്പമുള്ള വാട്ടർ ഹീറ്റർ സ്ഥാപിച്ചുകൊണ്ട് കണ്ടെത്തേണ്ടതാണ്. ഖണ്ഡം 3 (എ) (iv) പ്രകാരം ഗ്രിഡ് കണക്ടഡ് ഇൻവെർട്ടറുകൾ ഘട്ടംഘട്ടമായി സോളാർ ഹോട്ടോ വോൾട്ടായിക് ചാർജ്ജിലേക്ക് മാറ്റേണ്ടതാണ്. ഖണ്ഡം 3 (സി) പ്രകാരം പുതിയ എല്ലാത്തരം ഇൻവെർട്ടറുകളും സോളാർ ഹോട്ടോ വോൾട്ടായിക് ചാർജ്ജ് ചെയ്യേണ്ടതാണ്.

(സി) 2000 സ്ക്വയർ ഫീറ്റ് അധികം തറവിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 സ്ക്വയർ ഫീറ്റ് തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കുറഞ്ഞത് 100 ലിറ്റർ സൗരോർജ്ജ വാട്ടർ ഹീറ്ററും, 500 വാട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനവും 3000 സ്ക്വയർ ഫീറ്റിൽ അധികം തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 100 ലിറ്റർ വാട്ടർ ഹീറ്ററും 1000 വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനവും നിർബന്ധമാക്കാൻ സൗരോർജ്ജ നയം നിഷ്കർഷിക്കുന്നു.

(ഡി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഊർജ്ജ സംരക്ഷണത്തിനും ഊർജ്ജ കാര്യക്ഷമതയ്ക്കും മുന്തിയ പരിഗണന നൽകുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുംവേണ്ടി 2001-ലെ കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 18-ാം വകുപ്പുപ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ എനർജി കൺസർവേഷൻ (എനർജി കൺസംപ്ഷൻ സ്റ്റാൻഡേർഡ്സ് ഫോർ എക്യുപ്മെന്റ്സ് ആന്റ് അപ്ലൈയൻസസ്) ഡയറക്ഷൻസ്, 2015-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്വാശ്രയ കടിവെള്ള പദ്ധതികൾക്കുള്ള വൈദ്യുതി നിരക്ക്

22 (3175) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് യൂണിറ്റൊന്നിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി നൽകുന്നതെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്കോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ പദ്ധതികൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൊതുജനങ്ങളുടെ കൂട്ടായ്മയിൽ നടത്തിവരുന്ന പ്രസ്തുത സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് ഉയർന്ന വൈദ്യുതി നിരക്കാണ് ഈടാക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വാശ്രയ കുടിവെള്ള പദ്ധതികൾക്ക് നിലവിലുള്ള വൈദ്യുതി ചാർജ്ജ് അനുബന്ധം-I* ആയി കൊടുത്തിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ജലധാര, ജലനിധി, സുജലധാര പദ്ധതികൾ പ്രകാരമുള്ള കുടിവെള്ള പദ്ധതികളും MLA, MP-മാരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കുടിവെള്ള പദ്ധതികൾ, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ നടത്തുന്ന കുടിവെള്ള പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കുള്ള വൈദ്യുതി (LT VI (E) താരിഫ് പ്രകാരമാണ്. ഈ കുടിവെള്ള പദ്ധതികൾക്ക് ബില്ല് ചെയ്യുന്നത് താഴെ പറയുന്ന പ്രകാരമാണ്.

കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ഉപയോഗം എനർജി മീറ്ററിൽ നിന്ന് കണക്കാക്കിയ ശേഷം, അതിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഹരിക്കുമ്പോൾ, ഒരു ഗുണഭോക്താവിന്റെ ഉപഭോഗം ലഭ്യമാകും. ഈ ഉപഭോഗത്തിന്റെ വൈദ്യുതി ചാർജ്ജ് നിലവിലുള്ള വൈദ്യുതി നിരക്കിൽ കണക്കാക്കുകയും പ്രസ്തുത ചാർജ്ജിനെ ആകെ ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുകയും ചെയ്യുമ്പോൾ കുടിവെള്ള പദ്ധതിയുടെ ആകെ വൈദ്യുതി ചാർജ്ജ് ലഭ്യമാകും. ടി രീതിയിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കുമ്പോൾ, ഗുണഭോക്താക്കളുടെ ശരാശരി പ്രതിമാസ ഉപഭോഗം 50 യൂണിറ്റിൽ താഴെയാണെങ്കിൽ എനർജി ചാർജ്ജ് 2 രൂപ 80 പൈസ മാത്രമാണ്. ടി താരിഫ് ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിന് സമാനമാണ്.

(സി) 16-8-2014-ൽ നിലവിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവിലൂടെ കുടിവെള്ള പദ്ധതികളുടെ താരിഫ് പരിഷ്കരിച്ച് LTI ഗാർഹിക നിരക്കിലുള്ള താരിഫിൽ നിന്ന് LT VI (E) ജനറലാക്കി മാറ്റിയിട്ടുണ്ട്. നിലവിലെ താരിഫ് പ്രകാരം, മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിലെ ഒരു ഗുണഭോക്താവിന്റെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശരാശരി ഉപയോഗം 50 യൂണിറ്റ് വരെയാണെങ്കിൽ, ടി നിരക്കുകൾ നിലവിലെ ഗാർഹിക വൈദ്യുതി നിരക്കുകൾക്ക് സമാനമാണ്. സംസ്ഥാനത്ത് താരിഫ് പരിഷ്കരിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. പ്രതിമാസം 50 യൂണിറ്റുവരെ വൈദ്യുതി മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികളിൽ ഉപയോഗിക്കുന്ന ഗുണഭോക്താവിന്റെ താരിഫ് ഗാർഹിക ഉപഭോക്താവിന്റെ താരിഫിന് സമാനമാകയാൽ, ഇപ്പോഴത്തെ നിരക്ക് കൂടുതലല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

വൈദ്യുതി മോഷണം

23 (3176) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.യുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം വൈദ്യുതി മോഷണംമൂലം നഷ്ടപ്പെടുന്നതിനാൽ വൈദ്യുതി മോഷണം തടയുന്നതിന് കാര്യക്ഷമമായ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

വൈദ്യുതി മോഷണം തടയുന്നതിനായി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. വൈദ്യുതി മോഷണം തടയുന്നതിനായി, ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, പോളികാർബണേറ്റ് സീലുകൾ ഉപയോഗിച്ച് മീറ്ററുകൾ സീൽ ചെയ്യുകയും ചെയ്യുവരുന്നു. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം തടയുന്നതിന് സഹായകമായി കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

വൈദ്യുതി മോഷണം നിയന്ത്രിക്കുന്നതിന് സഹായകമായി നടത്തുന്ന പരിശോധനകളുടെ കൃത്യതയ്ക്കായി പ്രൈമറി കറണ്ട് ഇൻജക്ഷൻ കിറ്റ് എന്ന നൂതന ഉപകരണം വാങ്ങുകയും, എച്ച്.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, എൽ.റ്റി. സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ തുടങ്ങിയ നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ എല്ലാമാസവും പ്രത്യേക മേഖലകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly